**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 561** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി ഉപയോഗം തടയുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ലഹരി ഉപയോഗം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിനും ലഹരിവിമുക്ത സമൂഹം സൃഷ്ടിക്കുന്നതിനുമായി സർക്കാർ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രതിരോധം, ബോധവൽക്കരണം, നിയമനടപടി, ചികിത്സ, പുനരധിവാസം എന്നീ മേഖലകളിൽ സമഗ്രമായ പ്രവർത്തനങ്ങൾ നടപ്പാക്കി വരികയാണ്. ഇതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന നടപടികൾ താഴെ ചേർക്കുന്നു:

1. സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും മറ്റ് രാസലഹരി പദാർത്ഥങ്ങളുടെയും ഉപഭോഗവും വിപണനവും തടയുന്നതിനായി 'ഓപ്പറേഷൻ തണ്ടർ' എന്ന പേരിൽ 28.05.2026 മുതൽ തീവ്രയജ്ഞ എൻ.ഡി.പി.എസ്. സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുള്ളതാണ്.

2.വിദ്യാലയങ്ങൾ, കോളേജുകൾ, തൊഴിലിടങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, യുവജന-സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമായി സംഘടിപ്പിക്കുക.

3.വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരി ഉപയോഗ പ്രവണത മുൻകൂട്ടി കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ ക്ലബ്ബുകൾ, കൗൺസിലിംഗ് സംവിധാനങ്ങൾ, രക്ഷകർത്തൃ ബോധവൽക്കരണ പരിപാടികൾ എന്നിവ ശക്തിപ്പെടുത്തുക.

4. എക്സൈസ്, പോലീസ്, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി തുടങ്ങിയ വകുപ്പുകളുടെ സംയുക്ത ഏകോപനത്തോടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

5. ലഹരിവസ്തുക്കളുടെ ഉത്പാദനം, കടത്ത്, വിതരണം, വിൽപ്പന എന്നിവ തടയുന്നതിനായി രഹസ്യാന്വേഷണവും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ശക്തമാക്കി കർശന നിയമനടപടികൾ സ്വീകരിക്കുക.

6. സൈബർ ഇടങ്ങളിലൂടെയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും നടക്കുന്ന ലഹരി വിൽപ്പനയും പ്രചാരണവും നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി സൈബർ ഇന്റലിജൻസ് സംവിധാനങ്ങൾ കൂടുതൽ ആധുനികീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

7.ലഹരി ഉപയോഗിക്കുന്നവരെ കുറ്റവാളികളായി മാത്രം കാണാതെ, അവർക്ക് ആവശ്യമായ ചികിത്സയും കൗൺസിലിംഗും പുനരധിവാസവും ഉറപ്പാക്കി സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള പദ്ധതികൾ വിപുലീകരിക്കുക.

8.ലഹരി ഉപയോഗം തടയുന്നതിന് പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ ജനകീയ ജാഗ്രതാ സമിതികൾ, സന്നദ്ധ പ്രവർത്തക ശൃംഖലകൾ, രഹസ്യവിവര കൈമാറ്റ സംവിധാനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.

9. കുട്ടികളെയും യുവജനങ്ങളെയും കായികം, കല, സാംസ്കാരികം, തൊഴിൽ നൈപുണ്യ വികസനം തുടങ്ങിയ ക്രിയാത്മക പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്ന പദ്ധതികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുക.

10.ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് വിവരങ്ങൾ കൈമാറുന്നതിനുമായി ഹെൽപ്പ് ലൈൻ, ഓൺലൈൻ പരാതി സംവിധാനങ്ങൾ എന്നിവ കൂടുതൽ ഫലപ്രദമാക്കുക.

11.ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി കൃത്യമായ ഇടവേളകളിൽ വിലയിരുത്തി, ആവശ്യമായ നയപരവും ഭരണപരവുമായ ഇടപെടലുകൾ കാലാനുസൃതമായി സ്വീകരിച്ച് സംസ്ഥാനത്തെ ലഹരിവിമുക്തമാക്കുന്നതിനുള്ള സമഗ്ര പ്രവർത്തനങ്ങൾ തുടർന്നും ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതാണ്.

12. മയക്കുമരുന്ന് ഉപയോഗത്തിനും അനധികൃത കടത്തിനും എതിരായ അവബോധം സൃഷ്ടിക്കുന്ന തിനും, പൊതുസമൂഹത്തെ ഒന്നാകെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനമായ ജൂൺ 26-ന് “മയങ്ങില്ല കേരളം” എന്ന പേരിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര മയക്കുമരുന്ന് വിരുദ്ധ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കയാണ്. സർക്കാർ വകുപ്പുകൾ, സാമൂഹ്യ-സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, വാർഡ്തല ജനജാഗ്രതാ സമിതികൾ, സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ കുടുംബശ്രീ-ആശാപ്രവർത്തകർ, ക്ലബ്ബുകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ നിന്നുള്ളവരുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുക. “മയങ്ങില്ല കേരളം” പദ്ധതിയുടെ ഭാഗമായി നിലവിലുള്ള വിമുക്തി പ്രവർത്തനങ്ങൾക്ക് പുറമെ കൂടുതൽ ശക്തമായ ലഹരിവിരുദ്ധ ക്യാമ്പയിനുകൾ സംഘടിപ്പിക്കും.

13. എക്സൈസ് വകുപ്പിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ എല്ലാ സേവനങ്ങളും വിവരങ്ങളും പൊതുജനങ്ങൾക്ക് കൂടി ലഭ്യമാകുന്നതിന് ഒരു ജനജാഗ്രതാ വെബ് പോർട്ടലും ഒരു മൊബൈൽ അപ്ലിക്കേഷനും ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. ബോധവൽക്കരണം, കൗൺസിലിംഗ്, ഡീ-അഡിക്ഷൻ ചികിത്സ തുടങ്ങിയവയുമായി ബന്ധപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനും, പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ പരാതികൾ, ആവശ്യങ്ങൾ, അഭിപ്രായങ്ങൾ എന്നിവ സർക്കാരിലേക്ക് നൽകുന്നതിനും ഇത് വഴി സാധിക്കും.

**(ബി)** രാസലഹരി കേരളത്തിൽ വിതരണം ചെയ്യുന്നതിന്റെ ഉറവിടം കണ്ടെത്താനും ഇല്ലാതാക്കാനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** സംസ്ഥാനത്ത് രാസലഹരി വിതരണം ചെയ്യുന്നതിന്റെ ഉറവിടം കണ്ടെത്തുന്നതിനും, ലഹരി മാഫിയകളെ അമർച്ച ചെയ്യുന്നതിനും, കേരളത്തിലേക്കുള്ള ലഹരിവസ്തുക്കളുടെ കടത്തും വിതരണവും ഫലപ്രദമായി തടയുന്നതിനുമായി എക്സൈസ് വകുപ്പ് വിവിധ സർക്കാർ വകുപ്പുകളുടെയും

കേന്ദ്ര ഏജൻസികളുടെയും സഹകരണത്തോടെ ബഹുമുഖ പ്രവർത്തന പദ്ധതികൾ നടപ്പാക്കി വരികയാണ്. ഇതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന നടപടികൾ താഴെ ചേർക്കുന്നു:

1.ഇന്റലിജൻസ് ശൃംഖല ശക്തിപ്പെടുത്തി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ലഹരി വിതരണ സംഘങ്ങളെയും പ്രധാന കണ്ണികളെയും തിരിച്ചറിഞ്ഞ് ഉറവിടത്തിൽ (Source) തന്നെ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

2. 'ഓപ്പറേഷൻ തണ്ടർ' ഉൾപ്പെടെയുള്ള പ്രത്യേക എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി രാസലഹരി കടത്ത്, സംഭരണം, വിതരണം എന്നിവയിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കും.

3. എക്സൈസ്, പോലീസ്, റവന്യൂ, ആരോഗ്യം, വിദ്യാഭ്യാസം, റെയിൽവേ, കോസ്റ്റൽ പോലീസ്, വനം, മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ സംയുക്ത പരിശോധനകളും പ്രത്യേക ഓപ്പറേഷനുകളും കൂടുതൽ വ്യാപിപ്പിക്കും.

4. ജില്ലാതലങ്ങളിൽ NCORD (Narco Coordination Centre) സംവിധാനത്തിലൂടെ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കും.

5.സംസ്ഥാന അതിർത്തികൾ, ദേശീയപാതകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നിരന്തര പരിശോധനകളും പ്രത്യേക നിരീക്ഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തും.

6. കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെയും പ്രത്യേക സ്ട്രൈക്കിംഗ് ഫോഴ്സുകളുടെയും ഹൈവേ പെട്രോൾ ടീമുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി 24 മണിക്കൂറും പരിശോധനകൾ നടത്തും.

7. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, മെസ്സേജിംഗ് ആപ്പുകൾ, ഡാർക്ക് വെബ് എന്നിവയിലൂടെ നടക്കുന്ന രാസലഹരി ഇടപാടുകൾ കണ്ടെത്തി തടയുന്നതിനായി എക്സൈസ് സൈബർ സെല്ലിന്റെ സാങ്കേതിക ശേഷി വർദ്ധിപ്പിക്കുകയും സൈബർ ഇന്റലിജൻസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യും.

8. കൊറിയർ, പാർസൽ, ലോജിസ്റ്റിക്സ് ശൃംഖലകൾ വഴി നടക്കുന്ന ലഹരിക്കടത്ത് കണ്ടെത്തുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രത്യേക നിരീക്ഷണവും പരിശോധനകളും നടത്തും.

9. ലഹരി കേസുകളിൽ ഉൾപ്പെട്ടവരുടെ സാമ്പത്തിക ഇടപാടുകളും ആശയവിനിമയ ശൃംഖലകളും നിയമാനുസൃതമായി വിശകലനം ചെയ്ത്, പ്രധാന വിതരണക്കാരിലേക്കും അന്തർസംസ്ഥാന സംഘങ്ങളിലേക്കും അന്വേഷണം വ്യാപിപ്പിക്കും.

10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെ വിവരശേഖരണവും ബോധവൽക്കരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തും.

11. സ്കൂൾ, കോളേജ് പരിസരങ്ങൾ, വിദ്യാർത്ഥി ഹോസ്റ്റലുകൾ, തൊഴിലാളി ക്യാമ്പുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ ലഹരി വ്യാപന സാധ്യതയുള്ള മേഖലകളിൽ പ്രത്യേക നിരീക്ഷണവും പരിശോധനകളും തുടർച്ചയായി നടത്തും.

12.പൊതുജനങ്ങളിൽ നിന്ന് രഹസ്യവിവരങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും പരാതി പരിഹാര സംവിധാനങ്ങളും കൂടുതൽ ശക്തിപ്പെടുത്തി,

ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അതിവേഗ നടപടി സ്വീകരിക്കും.

13. സംസ്ഥാനത്തിന് പുറത്തുള്ള ലഹരി വിതരണ കേന്ദ്രങ്ങളും അന്തർസംസ്ഥാന ലഹരി മാഫിയകളേയും കണ്ടെത്തി ഇല്ലാതാക്കുന്നതിനായി കേന്ദ്ര ഏജൻസികളുമായും മറ്റ് സംസ്ഥാനങ്ങളുമായും വിവര കൈമാറ്റവും സംയുക്ത ഓപ്പറേഷനുകളും ശക്തമാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**